# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
# തിരുവനന്തപുരം

വിഷയം:- ആ.വ.ഡ- ജീവനക്കാര്യം:-അന്യത്രസേവനത്തിന് ശേഷം അസിസ്റ്റന്റ് സർജൻമാർക്ക് തിരികെ ആരോഗ്യവകുപ്പിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സർക്കാർ ഉത്തരവ് നമ്പർ (ആർ.ടി) നം. 1812/2021/ആ.കു.വ. തീയതി: 26/08/2021
2. ഡോ. അരുൺ പി.വി., ഡോ. വ്യാസ് സുകുമാരൻ എന്നിവർ സമർപ്പിച്ച അപേക്ഷ
3. നമ്പർ ഇ.ബി.2 -61606/2021/ആ.വ.ഡ. തീയതി: 18/08/2021
4. നമ്പർ ഇ.ബി.1-24960/2021/ആ.വ.ഡ. തീയതി: 27/08/2021
5. ഈ ഓഫീസ് ഉത്തരവ് നമ്പർ ഇ.എ2-1000/2021/ആ.വ.ഡ. തീയതി: 25/08/2021

## ഉത്തരവ് നം. ഇ.എ2-800/2020/ആ.വ.ഡ തീയതി : 27.08.2021

മേൽ പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ദേശീയ ആരോഗ്യ ദൗത്യത്തിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തുവന്നിരുന്ന ഈ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരായ ഡോ. വ്യാസ് സുകുമാരൻ, ഡോ. അരുൺ പി.വി., എന്നിവരുടെ അന്യത്ര സേവനം റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം (2) അപേക്ഷകൾ മുഖേന പ്രസ്തുത ഉദ്യോഗസ്ഥർ മാതൃവകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പ്രസ്തുത മെഡിക്കൽ ഓഫീസർമാരെ താഴെ വിവരിക്കും പ്രകാരം ഈ വകുപ്പിൽ തിരികെ നിയമിച്ച്കൊണ്ട് ഉത്തരവാകുന്നു.

| നം. | പേരും തസ്തികയും | മാറ്റി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | **ഡോ. വ്യാസ് സുകുമാരൻ**<br>അസിസ്റ്റന്റ് സർജൻ, | പ്രാഥമികാരോഗ്യകേന്ദ്രം, വെള്ളാവൂർ, കോട്ടയം |
| 2 | **ഡോ. അരുൺ പി.വി.**<br>അസിസ്റ്റന്റ് സർജൻ, | എം.സി.എച്ച്. യൂണിറ്റ്, പാങ്ങപ്പാറ, തിരുവനന്തപുരം |

ടി മെഡിക്കൽ ഓഫീസർമാർക്ക് MPH കോഴ്സിന് ഉപരിപഠനത്തിനായി പരാമർശം (3) (4) എന്നിവ മുഖേന നിരാക്ഷേപപത്രം അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ മേൽ വിവരിച്ച പ്രകാരം നിയമിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിച്ചശേഷം അവരെ ഉപരിപഠനത്തിനായി വിടുതൽ ചെയ്യാവുന്നതും, തുടർന്ന് പ്രസ്തുത ഒഴിവിൽ പരാമർശം (5) ഉത്തരവ് മുഖേന സ്ഥലംമാറ്റം നൽകി നിയമിച്ചിട്ടുള്ള അസിസ്റ്റന്റ് സർജൻമാരെ ജോലിയിൽ പ്രവേശിപ്പിക്കാവുന്നതാണ്.

മെഡിക്കൽ ഓഫീസർമാരും സ്ഥാപനമേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടികൾക്കായി ഉപയോഗിക്കേണ്ടതാണ്.

ഒപ്പ്/-
**ഡോ. മീനാക്ഷി വി.**
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്
ജീവനക്കാർ

പകർപ്പ്:
1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം),
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
4. ഫയൽ/ കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്